

# വിത്തു സംരക്ഷകർ

**Original Publisher:** Pratham Books
**Author:** Bijal Vachharajani
**Illustrator:** Jayesh Sivan
**Translator:** shaji n

Level 3



പരുത്തി കർഷകർ ആകെ അങ്കലാപ്പിലാണ്.
പോയ വർഷത്തെ വിളവ് തീരെ മോശമായിപ്പോയി.



ഇപ്പോൾവേനൽക്കാലമാണ്, പരുത്തിക്കുരു വിതയ്ക്കാൻ സമയമായിരിക്കുന്നു.
പക്ഷേ ഗ്രാമത്തിൽ നാടൻ വിത്തുകൾ കിട്ടാനില്ല.

"**എന്തുചെയ്യും? എന്തുചെയ്യും?**" ബിജയ് ആശങ്കയിലാണ്, "**നാം വലിയ കുഴപ്പത്തിലാണ്**."



“വിപണിയിൽ കിട്ടുന്ന വിത്തുകൾക്ക് വലിയ വിലയാണ്.” നബിത പറഞ്ഞു.
“ആ വിത്തുകൾ വളരാൻ കീടനാശിനികളും രാസവളങ്ങളും ആവശ്യമായിവരും.” കേതകി പറഞ്ഞു.
“നമുക്ക് ഇവിടെ ആഹ്ളാദത്തോടെ വളരുന്ന വിത്തുകൾ വേണം, നമ്മുടെ മണ്ണിനും കാലാവസ്ഥയ്ക്കും യോജിക്കുന്ന വിത്തുകൾ വേണം,” ബിജയ് കൂട്ടിച്ചേർത്തു.





“

എന്തുചെയ്യും? എന്തുചെയ്യും?” സുരേഷ് ചോദിച്ചു.
“നാം വലിയ കുഴപ്പത്തിലാണ്.”

നബിതയും കേതകിയും കർഷകവനിതകളുടെ ഒരു കൂട്ടായ്മയുടെ ഭാഗമാണ്.
അവർ യോഗം ചേരുന്നു.
അവർ ഗ്രാമമുഖ്യനെ കാണുന്നു.
അവർ മറ്റു കർഷക കൂട്ടായ്മകളുമായി സംസാരിക്കുന്നു.





**“എന്തു ചെയ്യും? എന്തു ചെയ്യും?”**

ഓരോരുത്തരും ആശങ്കയിലായി.

**“നമ്മൾ വലിയ കുഴപ്പത്തിലാണ്!”**

കുറേ ദിവസത്തെ സംവാദങ്ങൾക്കു ശേഷം എല്ലാവരും സന്തുഷ്ടരായി കാണപ്പെട്ടു.
“എന്ത് ചെയ്യണമെന്ന് നമുക്കറിയാം,” നബിത പ്രഖ്യാപിച്ചു. “ഇതൊരു വലിയ പ്രശ്നമല്ല, നമുക്ക് ഒരു ബാങ്ക് തുടങ്ങാം!.”

“ബാങ്ക് എങ്ങനെ നമ്മെ സഹായിക്കും?” ബിജയ് ചോദിച്ചു.
“പണത്തിന്റെ ബാങ്ക് അല്ല, വിത്തിന്റെ ബാങ്ക്,” കേതകി പറഞ്ഞു.



കർഷകരെല്ലാം ഒരു വിത്ത് ബാങ്ക് തുടങ്ങാൻ ഒത്തൊരുമിച്ചു.
അവരെല്ലാം കൈയിലുള്ള വിത്തുകൾ അവിടെ നിക്ഷേപിച്ചു





ഒരു വിത്ത് ബാങ്ക് സാധാരണ ബാങ്ക് പോലെ പ്രവർത്തിക്കുന്നു!
സാധാരണ ബാങ്കിൽ ആൾക്കാർ പണം സൂക്ഷിക്കുന്നു,
വിത്തു ബാങ്കിൽ കർഷകർ വിത്തു സൂക്ഷിക്കുന്നു!





**പഴയ വിത്തുകൾ**
**പ്രാദേശിക വിത്തുകൾ**
**നാടൻ വിത്തുകൾ**

പരുത്തി വിത്തുകൾ
വെണ്ട വിത്തുകൾ
മത്തൻ വിത്തുകൾ
നെൽ വിത്തുകൾ
ചാമ വിത്തുകൾ
തുവര വിത്തുകൾ

**സൂക്ഷിക്കാൻ പല പല വിത്തുകൾ.**











സുമതി ഒരു കിലോ പരുത്തി വിത്തു് ബാങ്കിൽ നിന്ന് കടം വാങ്ങുന്നു. നബിത അത് ശ്രദ്ധാപൂർവ്വം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നു.

കൃപ ഒരു കിലോ നെൽവിത്തുകൾ ബാങ്കിൽ നിക്ഷേപിക്കുന്നു. കേതകി അത് ശ്രദ്ധയോടെ ഒരു കുടത്തിൽ സംഭരിക്കുന്നു.

വിത്തുകൾ വിതയ്ക്കുന്നു, നനയ്ക്കുന്നു.
വർഷക്കാലം വരുന്നു, പോകുന്നു.



ഇത് വിളവെടുപ്പുകാലം.



ഈ വർഷം കൃഷിക്കാർക്ക് നല്ല വിളവു ലഭിക്കുന്നു.
അവർ സുഹൃത്തുക്കളുമായി ആഘോഷിക്കുന്നു.





സുമതിക്ക് വിളവെടുപ്പിൽ
നല്ല അളവിൽ
പരുത്തിക്കുരു കിട്ടുന്നു.
അവൾ ഒന്നരക്കിലോ
പരുത്തിക്കുരു നൽകി കടം
പലിശ സഹിതം
തിരിച്ചടയ്ക്കുന്നു.

കേതകി രജിസ്റ്ററിൽ അത്
ശ്രദ്ധാപൂർവ്വം
രേഖപ്പെടുത്തുന്നു. നബിത
വിത്തുകളെല്ലാം ശ്രദ്ധയോടു
കൂടി ഒരു കുടത്തിൽ
സൂക്ഷിക്കുന്നു.

വിത്തു ബാങ്കിൽ ഇപ്പോൾ ഒത്തിരി ഒത്തിരി വിത്തുകൾ ഉണ്ട്.
അടുത്ത വർഷത്തേക്കുള്ള വിത്തുകൾ
പിന്നത്തെ വർഷത്തേക്കുള്ള വിത്തുകൾ
അതു കഴിഞ്ഞുള്ള വർഷത്തേക്കുള്ള വിത്തുകൾ!

പരുത്തിക്കൃഷിക്കാർക്ക് ഇപ്പോൾ
**വലിയ കുഴപ്പം ഇല്ല**.
കാരണം, അവരുടെ വിത്ത് ബാങ്ക്
**വളരെ വലുതാണ്!**

വിത്തുകൾ എല്ലായിടത്തുമുണ്ട്,
ബാങ്കിലും വയലിലും!



**വിത്തു ബാങ്കുകാർ**

നമുക്ക് ഭക്ഷണത്തിനും തുണിനാരിനും വേണ്ടി വിത്തുകൾ നട്ടു വളർത്തേണ്ടതുണ്ട്. പക്ഷേ വിത്തുകൾക്ക് വലിയ വില നൽകേണ്ടിവരും. ചില സങ്കരയിനം വിത്തുകൾ രണ്ടാമത് ഉപയോഗിക്കാൻ കഴിയില്ല, അവ കളയേണ്ടിവരും. ചില വിത്തുകൾക്ക് വളരാൻ ഒത്തിരി രാസവസ്തുക്കൾ വേണ്ടിവരും. അവ ജനിതക വ്യതിയാനം വരുത്തിയ വിത്തുകളാണ്. അതു കൂടാതെ, ചില വിത്തുകൾ അന്യദേശത്തു നിന്നുള്ളവയാണ്. അവ നമ്മുടെ ദേശത്തെ മണ്ണിന് യോജിക്കണമെന്നില്ല.





രാസവസ്തുക്കൾ ആവശ്യമില്ലാത്ത നാടൻ വിത്തുകൾ ശേഖരിച്ച്
വെച്ചാൽ കർഷകർക്ക് വിപണിയിൽനിന്ന് വിത്തുകൾ
വാങ്ങേണ്ടിവരില്ല. ഒരു സാധാരണ ബാങ്ക് പോലെ പോലെ
അവർക്ക് വിത്തുകൾ നിക്ഷേപിക്കാം, കടമെടുക്കാം, കൂടുതൽ
വിത്തുകൾ തിരികെ നൽകി കടം വീട്ടുകയും ചെയ്യാം!

ഇന്ത്യയിൽ ഒഡീഷയിലുള്ള ഭീംഡംഗ എന്ന ഗ്രാമത്തിലെ **മാ ലങ്കേശ്വരി വിത്ത് ബാങ്കിൽ** നിന്നാണ് ഈ കഥയ്ക്കുള്ള പ്രചോദനം ലഭിച്ചത്.

**ചേതന ഓർഗാനിക്** എന്ന സംഘമാണ് പരുത്തി ഉൾപ്പെടെയുള്ള വിത്തുകൾ ശേഖരിക്കുന്ന ബാങ്ക് തുടങ്ങാൻ അവിടുത്തെ കർഷകരെ സഹായിച്ചത്.



ഇന്ത്യയിലേയും ലോകത്തെയും ധാരാളം കർഷകർ വിത്തുകൾ സംരക്ഷിക്കാനുള്ള ബാങ്കുകൾ തുടങ്ങാൻ ഒത്തു ചേർന്നിട്ടുണ്ട്. മിക്കപ്പോഴും സ്ത്രീകളാണ് വിത്തു ബാങ്കുകൾ നടത്തുന്നത്. വിത്തുകൾ സൂക്ഷിക്കുന്നവർ ആയതുകൊണ്ട് അവർ **വിത്തു ബാങ്കർമാർ** അല്ലെങ്കിൽ **വിത്തു സംരക്ഷകർ** എന്നറിയപ്പെടുന്നു.





വിദൂരമായ തണുത്തുറഞ്ഞ ആർക്ക്ടിക് പ്രദേശത്ത് ലോകത്തെ വിത്തുകൾക്കായി ഒരു ബാങ്ക് ഉണ്ട്. അതിൻറെ പേരാണ് **സ്വാൽബാർഡ് ഗ്ലോബൽ സീഡ് വാൾട്**. ഇവിടെ ലോകത്തിന്റെ പല ഭാഗത്തുനിന്നുമുള്ള 8,30,000 തരം വിത്തുകൾ സൂക്ഷിച്ചിരിക്കുന്നു.

PRATHAM BOOKS storyweaver

This book was made possible by Pratham Books' StoryWeaver platform. Content under Creative Commons licenses can be downloaded, translated and can even be used to create new stories - provided you give appropriate credit, and indicate if changes were made. To know more about this, and the full terms of use and attribution, please visit the following link.

## Story Attribution:

This story: വിത്തു സംരക്ഷകർ is translated by shaji n . The © for this translation lies with shaji n, 2021. Some rights reserved. Released under CC BY 4.0 license.

Based on Original story: 'The Seed Savers', by Bijal Vachharajani . © Pratham Books , 2018. Some rights reserved. Released under CC BY 4.0 license.

## Images Attributions:

Cover page: Hands holding plants, by Jayesh Sivan © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 2: group of People sitting under a tree, by Jayesh Sivan © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 3: group of People under a tree, by Jayesh Sivan © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 4: man and woman with animals, by Jayesh Sivan © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 5: A group of people out in the field , by Jayesh Sivan © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 6: Agricultural landscape, by Jayesh Sivan © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 7: People gathered for a meeting, by Jayesh Sivan © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 8: An agricultural landscape, by Jayesh Sivan © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 9: A group of happy people, by Jayesh Sivan © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 10: A group of people working indoors, by Jayesh Sivan © Pratham Books, 2018. Some rights reserved. Released under CC BY 4.0 license.

Disclaimer: https://www.storyweaver.org.in/terms_and_conditions

Some rights reserved. This book is CC-BY-4.0 licensed. You can copy, modify, distribute and perform the work, even for commercial purposes, all without asking permission. For full terms of use and attribution, http://creativecommons.org/licenses/by/4.0/

PRATHAM BOOKS storyweaver

This book was made possible by Pratham Books' StoryWeaver platform. Content under Creative Commons licenses can be downloaded, translated and can even be used to create new stories - provided you give appropriate credit, and indicate if changes were made. To know more about this, and the full terms of use and attribution, please visit the following link.

Images Attributions:

Page 11: jars displayed on a shelf, by Jayesh Sivan © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 12: Assorted plants and vegetables, by Jayesh Sivan © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 13: A group of women working, by Jayesh Sivan © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 14: Two farmers working in the field, by Jayesh Sivan © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 15: Cotton flowers in bloom, by Jayesh Sivan © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 16: Group of happy people in the field, by Jayesh Sivan © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 17: A group of women working together, by Jayesh Sivan © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 18: An Ariel scene, by Jayesh Sivan © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 19: Two peope drying seeds, by Jayesh Sivan © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 20: Two jars , by Jayesh Sivan © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 21: A building under a tree, by Jayesh Sivan © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 22: Three hands lifted and holding plants, by Jayesh Sivan © Pratham Books, 2018. Some rights reserved. Released under CC BY 4.0 license.

Disclaimer: https://www.storyweaver.org.in/terms_and_conditions

Some rights reserved. This book is CC-BY-4.0 licensed. You can copy, modify, distribute and perform the work, even for commercial purposes, all without asking permission. For full terms of use and attribution, http://creativecommons.org/licenses/by/4.0/

PRATHAM BOOKS
storyweaver

This book was made possible by Pratham Books' StoryWeaver platform. Content under Creative Commons licenses can be downloaded, translated and can even be used to create new stories - provided you give appropriate credit, and indicate if changes were made. To know more about this, and the full terms of use and attribution, please visit the following link.

## Images Attributions:

Page 23: A suspended earthen pot , by Jayesh Sivan © Pratham Books, 2018. Some rights reserved. Released under CC BY 4.0 license.

Disclaimer: https://www.storyweaver.org.in/terms_and_conditions

Some rights reserved. This book is CC-BY-4.0 licensed. You can copy, modify, distribute and perform the work, even for commercial purposes, all without asking permission. For full terms of use and attribution, http://creativecommons.org/licenses/by/4.0/

# വിത്തു സംരക്ഷകർ

(Malayalam)

കഴിക്കാൻ ഭക്ഷണമോ ഉടുക്കാൻ വസ്ത്രങ്ങളോ വിത്തുകളില്ലാതെ ഉണ്ടാവുകയില്ല. ഒരു ഗ്രാമത്തിലെ ജനത ഒരുമിച്ചു നിന്ന് ഒരു വിത്തു ബാങ്ക് തുടങ്ങിയ യഥാർത്ഥ സംഭവത്തെ അടിസ്ഥാനമാക്കിയത്.

This is a Level 3 book for children who are ready to read on their own.

PRATHAM BOOKS

storyweaver

Pratham Books goes digital to weave a whole new chapter in the realm of multilingual children's stories. Knitting together children, authors, illustrators and publishers. Folding in teachers, and translators. To create a rich fabric of openly licensed multilingual stories for the children of India  and the world. Our unique online platform, StoryWeaver, is a playground where children, parents, teachers and librarians can get creative. Come, start weaving today, and help us get a book in every child's hand!